ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) 1995-ൽ നെടുമങ്ങാട് സഹകരണ അർബൻ ബാങ്കിൽ രണ്ട് ക്ലാർക്ക് തസ്തികയിലേക്ക് നടത്തിയ നിയമനങ്ങൾക്കെതിരെയുണ്ടായ പരാതിയിന്മേൽ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) തിരുവനന്തപുരം അന്വേഷണം നടത്തുകയും ഈ നിയമനങ്ങൾ ക്രമവിരുദ്ധമായിതിനാൽ അവരെ സർവ്വീസിൽനിന്നും പിരിച്ചുവിടാൻ ഉത്തരവിടുകയും ചെയ്തു.ഇതിനെതിരെ ഉദ്യോഗാർത്ഥികളായ സന്ധ്യ എസ്. നായർ, എസ്. അനിൽകുമാർ എന്നിവർ സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും, അപ്പീലിൽ സർക്കാർ ജോയിന്റ് രജിസ്ട്രോറുടെ നടപടി ശരിവയ്ക്കുകയും ചെയ്തു. ഇതിനെതിരെ ഇവർ ബഹു.ഹൈക്കോടിതിയിൽ ഫയൽ ചെയ്ത ഒ.പി.നം.11548/98-ൽ സർക്കാരിന്റെ ഉത്തരവിനെ ശരിവച്ചതിനെത്തുടർന്ന് ടിയാൻമാർ ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും ഈ അപ്പീലിൽ ബഹു.ഹൈക്കോടതി ജോയിന്റ് രജിസ്ട്രാർ (ജനറൽ) തിരുവനന്തപുരത്തിന്റെ ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായി. ടിയാൻമാർ ഇപ്പോഴും ഈ ബാങ്കിൽ ജൂനിയർ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കിവരുന്നു.

പരവൂർ ആസ്ഥാനമായുള്ള കൊല്ലം ജില്ലാ ടൂറിസം പ്രൊമോഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഭരണം

107 (1306) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരവൂർ ആസ്ഥാനമായുള്ള കൊല്ലം ജില്ലാ ടൂറിസം പ്രൊമോഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഭരണം ഇപ്പോൾ അഡ്മിനിസ്ട്രേറ്ററാണോ നടത്തുന്നത് ;

(ബി) ആണെങ്കിൽ ആറു മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തി പുതിയ കമ്മിറ്റിയെ ചുമതലയേൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) 31-10-2003 നകം തെരഞ്ഞെടുപ്പ് നടത്തി പുതിയ കമ്മിറ്റിയെ ചുമതയേൽപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പുതിയ തുറമുഖങ്ങൾ ആരംഭിക്കാൻ നടപടി

108 (1307) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര തുറമുഖങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തുറമുഖങ്ങൾ ഏതെല്ലാമാണ് ;

(സി) പുതിയ തുറമുഖങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അവ എവിടെയല്ലാമാണെന്നും എന്നത്തേയ്ക്ക് തുടങ്ങുവാൻ കഴിയുമെന്നും ഓരോന്നിനും എന്തു തുക ചെലവാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 17 (പതിനേഴ്)

(ബി) നീണ്ടകര, ആലപ്പുഴ, കോഴിക്കോട്(ബേപ്പൂർ) എന്നീ ഇടത്തരം തുറമുഖങ്ങളും, വിഴിഞ്ഞം, വലിയതുറ, കൊല്ലം (തങ്കശ്ശേരി), കൊടുങ്ങല്ലൂർ, പൊന്നാനി, വടകര, തലശ്ശേരി, കണ്ണൂർ, അഴീക്കൽ, കാസർഗോഡ്, കായംകുളം, മഞ്ചേശ്വരം, നീലേശ്വരം (ചെറുവത്തൂർ) മണക്കോടം എന്നീ ചെറുകിട തുറമുഖങ്ങളും .

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ആലപ്പുഴ തുറമുഖ വികസനം

109 (1308) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ തുറമുഖ വികസനത്തിനായി ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തീരുമാനം എടുത്തിരുന്നുവോ ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയെ സർക്കാർ തെരഞ്ഞെടുത്തുവോ ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തീരുമാനം എടുത്തിട്ടുണ്ട്.

(ബി) എൽ. ആന്റ് ടി റാംബോൾ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ലഭിച്ചിട്ടില്ല. 2003 ജൂലൈയിൽ രൂപരേഖ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കായംകുളം താപനിലയത്തിനുവേണ്ടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന തുറമുഖത്തിന്റെ നിർമ്മാണം

110 (1309) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപനിലയത്തിനുവേണ്ടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന തുന്മുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly